## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *213** | **12.02.2019- ൽ മറുപടിക്ക്**

# ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, കെ.എൻ.എ ഖാദർ<br>,, മഞ്ഞളാംകുഴി അലി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടത്തിയ ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>ഇതരസംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്ന "അപ്നാഘർ" പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ളാറ്റ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ മാതൃകയിൽ പാർപ്പിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.<br>ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിലേക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് മരണാനന്തര ആനുകൂല്യം (25,000 രൂപ) അപകടമരണ ധനസഹായം (2 ലക്ഷം രൂപ), ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം (50,000 രൂപ വരെ), ചികിത്സാ ധനസഹായം (20,000 രൂപ വരെ), ടെർമിനൽ ബെനിഫിറ്റ് (50,000 രൂപ വരെ) എന്നീ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്.<br>സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ |

| | |
|---|---|
| | തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേക്കു കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി 2010- ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ വീതം ഓരോ ജില്ലയിലേയും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാർക്ക് നല്കിക്കൊണ്ട് റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുമുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. |
| (ബി) ഇവർക്കായി ആവാസ് എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) യും (സി), യും ഉണ്ട്. സ്മാർട്ട് ഐ.റ്റി എന്ന സ്ഥാപനം മുഖേനയാണ് എൻറോൾമെന്റ് നടന്നു വരുന്നത്. ആവാസ് പദ്ധതി പ്രകാരം ചികിത്സാ സഹായം അഷ്വറൻസ് സ്കീമായി നടപ്പിലാക്കുന്നതിന് ചിയാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ